ജില്ലാ സഹകരണ ബാങ്കിലെ സംഘം തിരിച്ചുള്ള ഷെയറുകൾ

129 (951) ശ്രീമതി. ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ജില്ലയിലെ കൈത്തറി സംഘങ്ങൾ എടുത്തിട്ടുള്ള ഷെയർതുക എത്രയെന്ന് സംഘം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കൈത്തറി സംഘത്തിനു നൽകിയ ക്യാഷ് ക്രെഡിറ്റ് തുക സംഘം തിരിച്ചു വിശദമാക്കാമോ ;

(സി) ജില്ലാ സഹകരണ ബാങ്കിൽ ക്യാഷ് ക്രെഡിറ്റിന് കുടിശ്ശിക വരുത്തിയ സംഘങ്ങൾ ഏതെന്നും കുടിശ്ശിക വരുത്തിയ തുക എത്രയെന്നും വിശദമാക്കുമോ ;

(ഡി) ജില്ലാ ബാങ്കിൽ മറ്റ് വ്യവസായ സർവ്വീസ് ബാങ്കുകളുടെ ഷെയർ തുക സംഘം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിൽ നിന്നും ജില്ലയിലെ കൈത്തറി സംഘങ്ങൾ എടുത്തിട്ടുള്ള ഷെയർതുക 75,14,800 രൂപയാണ്. സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. *

(ബി) തുക ലക്ഷത്തിൽ താഴെ ചേർക്കുന്നു.

വർഷം	നബാർഡ്	ജില്ലാബാങ്ക്
97-98	2,326.81	544.81
98-99	1,910.87	1,239.56
99-2000	1,904.95	960.69

സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. *

(സി) ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക വരുത്തിയ സംഘങ്ങൾ 61-ഉം തുക 1,802.01 ലക്ഷവുമാണ്. പട്ടിക അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.*

(ഡി) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിൽ മറ്റ് വ്യവസായ സർവ്വീസ് ബാങ്കുകളുടെ ഷെയർതുക 7,21,60,950 രൂപയാണ്. സംഘം തിരിച്ചുള്ള പട്ടിക അനുബന്ധം 4-ൽ ചേർത്തിട്ടുണ്ട്.

849, 850 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly